"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ് - അധികാരവികേന്ദ്രീകരണം - പൊതുമരാമത്ത് വകുപ്പിൽ നിന്നും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ പുനർവിന്യാസ വ്യവസ്ഥയിൽ സേവനകാലാവധി പൂർത്തിയാക്കിയ ജീവനക്കാരെ മാതൃവകുപ്പിലേക്ക് തിരികെ പ്രവേശിപ്പിച്ചുകൊണ്ടും പകരം ജീവനക്കാരെ പുനർവിന്യസിച്ചു കൊണ്ടും ഉത്തരവ് പുറപ്പെടുവിക്കുന്നു.

## തദ്ദേശസ്വയംഭരണ (ഇആർഎ) വകുപ്പ്

### സ.ഉ.(സാധാ) നം.1542/2020/ത.സ്വ.ഭ.വ തീയതി, തിരുവനന്തപുരം, 19/08/2020

പരാമർശം:- 1. സ.ഉ.(അ) നം.187/2000/തസ്വഭവ, തീയതി, 04.07.2000.

2. സ.ഉ.(സാധാ) നം.998/2018/തസ്വഭവ, തീയതി, 09.04.2018.

3. സ.ഉ.(സാധാ) നം 2082 / 2019 തസ്വഭവ, തീയതി, 26.09.2019.

4. 04.05.2020 ലെ ശ്രീമതി വിന്റ വിൻസെന്റ് , ശ്രീ ബിനീഷ് ബേബി , ശ്രീ സുനിൽകുമാർ പി ആർ എന്നിവരുടെ അപേക്ഷ.

5. 8.06.2020 ലെ പൊതുമരാമത്തു വകുപ്പ് ചീഫ് എഞ്ചിനീയറുടെ ഇ എ 2 / 10215 / 2014 / വാല്യം III നമ്പർ കത്ത്

6. 02.06.2020 തീയതിയായി ഈ വകുപ്പിൽ ലഭ്യമായ ശ്രീ സുജിത് കുമാർ എം വി യുടെ അപേക്ഷ

7. 22.06.2020 ലെ ശ്രീ അരുൺ എസ്, ശ്രീ ഹരികൃഷ്ണൻ എന്നിവരുടെ അപേക്ഷ.

## ഉത്തരവ്

അധികാരവികേന്ദ്രീകരണത്തിന്റെ ഭാഗമായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് കൈമാറിയ ഉത്തരവാദിത്തങ്ങളും ചുമതലകളും കാര്യക്ഷമമായി നിർവ്വഹിക്കുന്നതിനാവശ്യമായ മിനിസ്റ്റീരിയൽ വിഭാഗം ജീവനക്കാരെ പൊതുമരാമത്ത് വകുപ്പിൽ നിന്നും രണ്ടുവർഷ കാലയളവിലേക്ക് പരാമർശം (2) പ്രകാരം പുനർവിന്യസിക്കുകയുണ്ടായി. ഇപ്രകാരം പുനർവിന്യസിച്ച ജീവനക്കാരുടെ നിയമന കാലാവധി അവസാനിച്ചതിനാൽ മാതൃവകുപ്പിലേയ്ക്ക് തിരികെ പ്രവേശിപ്പിക്കേണ്ടവർ, പുനർവിന്യസിപ്പിക്കപ്പെടേണ്ട ഏറ്റവും ജൂനിയർ ആയിട്ടുള്ള ജീവനക്കാർ, നിലവിൽ ജോലി ചെയ്യുന്ന തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ ജോലിയിൽ തുടരാൻ താല്പര്യമുള്ളവർ, പുനർവിന്യാസത്തിനായി ഓപ്ഷൻ നൽകിയ ജീവനക്കാർ എന്നിവരെ സംബന്ധിച്ച പട്ടിക പരാമർശം (5) പ്രകാരം പൊതുമരാമത്തു വകുപ്പ് ലഭ്യമാക്കിയിട്ടുണ്ട്.

2 . പരാമർ ശം ( 2 ) ഉത്തരവ് പ്രകാരം ഗ്രാമ പഞ്ചായത്ത്/ജില്ലാ പഞ്ചായത്ത്/ബ്ലോക്ക് പഞ്ചായത്ത്/മുനിസിപ്പാലിറ്റി/കോർപ്പറേഷൻ എന്നീ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ പുനർവിന്യസിച്ചിട്ടുള്ള പൊതുമരാമത്ത് വകുപ്പിലെ ജീവനക്കാരുടെ പുനർവിന്യാസ കാലാവധി അവസാനിച്ചതിനാൽ മാതൃവകുപ്പിലേയ്ക്ക് മടങ്ങിപ്പോകാൻ വകുപ്പ് അദ്ധ്യക്ഷന് അപേക്ഷ സമർപ്പിച്ചിരുന്ന ജീവനക്കാരെ അനുബന്ധം 1--ലെ പട്ടികയിൽ പ്രതിപാദിക്കും പ്രകാരം വിട്ടുതൽ ചെയ്യുന്നതിന് അനുമതി നൽകിക്കൊണ്ടും ഗ്രാമ പഞ്ചായത്ത്/ബ്ലോക്ക്പഞ്ചായത്ത്/ജില്ലാ പഞ്ചായത്ത്/മുനിസിപ്പാലിറ്റി/ കോർപ്പറേഷൻ എന്നിവിടങ്ങളിൽ പുനർവിന്യാസത്തിൽ തുടരാനാഗ്രഹിക്കുന്ന പൊതുമരാമത്ത് വകുപ്പിലെ പുനർവിന്യാസ ജീവനക്കാർക്ക് അനുബന്ധം 2--ലെ പട്ടികയിൽ പ്രതിപാദിക്കും പ്രകാരം രണ്ട് വർഷം കൂടി പുനർവിന്യാസ കാലാവധി ദീർഘിപ്പിച്ചു നൽകിക്കൊണ്ടും, പുതുതായി പുനർവിന്യസിക്കേണ്ട ജീവനക്കാരെ അനുബന്ധം 3--ലെ പട്ടികയിൽ പ്രതിപാദിക്കും പ്രകാരം ജില്ലാ പഞ്ചായത്ത്/ബ്ലോക്ക്

പഞ്ചായത്ത്/മുനിസിപ്പാലിറ്റി/കോർപ്പറേഷൻ എന്നിവിടങ്ങളിലെ നിലവിലുള്ള പുനർവിന്യാസ ഒഴിവുകളിൽ പുനർവിന്യസിച്ചുകൊണ്ടും ഉത്തരവ് പുറപ്പെടുവിക്കുന്നു.

3 . ഈ ഉത്തരവ് പ്രകാരം പുനർവിന്യസിക്കപ്പെടുന്നവരുടെ നിയമന കാലാവധി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ ജോലിയിൽ പ്രവേശിച്ച തീയതി മുതൽ 2 വർഷക്കാലമാണ്. **പുനർവിന്യാസ കാലാവധി അവസാനിച്ച കഴിഞ്ഞാൽ പുനർവിന്യാസ ജീവനക്കാരെ മാതൃവകുപ്പിലേക്ക് തിരികെ പ്രവേശിപ്പിക്കുന്നതിനും പുതിയ ജീവനക്കാരെ പുനർവിന്യസിച്ചുകൊണ്ടുമുള്ള പ്രൊപ്പോസൽ വകുപ്പദ്ധ്യക്ഷൻ സർക്കാർ മുമ്പാകെ സമർപ്പിക്കേണ്ടതാണ്.** അനുബന്ധം 3 പ്രകാരം പകരം ജീവനക്കാരെ നിയമിച്ചിട്ടുള്ള സ്ഥാപനങ്ങളിൽ അവർ ഹാജരാകുന്ന മുറയ്ക്ക് മാത്രമേ മാതൃവകുപ്പിലേക്ക് തിരിച്ചുപോകാൻ അർഹതയുള്ളവരെ വിടുതൽ ചെയ്യാൻ പാടുള്ളൂ.

**4. ഈ ഉത്തരവിലെ അനുബന്ധം 3--ലെ പട്ടികയിൽ പ്രതിപാദിക്കുന്ന ജീവനക്കാരെ വകുപ്പദ്ധ്യക്ഷൻ ഓരോരുത്തരുടെയും പേരിനൊപ്പം ചേർത്തിരിക്കുന്ന സ്ഥാപനങ്ങളിൽ ജോലിയിൽ പ്രവേശിക്കുവാൻ സാധിക്കുംവിധം യാതൊരു വീഴ്ചയും കൂടാതെ കർശനമായി വിടുതൽ ചെയ്യേണ്ടതാണ്.** വിടുതൽ ചെയ്യുന്നതിനായി അനുബന്ധം 4--ലെ മാതൃകാ വിടുതൽ ഉത്തരവ് ഉപയോഗിക്കേണ്ടതാണ്. ഇപ്രകാരം വിടുതൽ ചെയ്യപ്പെടുന്ന ഉദ്യോഗസ്ഥർ നിശ്ചിത ദിവസത്തിനുള്ളിൽ ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപന സെക്രട്ടറി മുമ്പാകെ ഹാജരാകേണ്ടതും സെക്രട്ടറി അവർക്ക് ജോലി ചെയ്യുന്നതിനുവേണ്ട ക്രമീകരണങ്ങൾ ചെയ്തുകൊടുക്കേണ്ടതുമാണ്.

5. ഈ ഉത്തരവ് പ്രകാരം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ ജോലിയിൽ പ്രവേശിക്കുന്നതിനായി നിയമനം ലഭിച്ചവരെ വിടുതൽ ചെയ്യുന്നതിന് മുമ്പായി വിടുതൽ ചെയ്യപ്പെടുന്ന ജീവനക്കാരന് പരാമർശം 1--ലെ സർക്കാർ ഉത്തരവിൽ വ്യവസ്ഥ ചെയ്തിട്ടുള്ള പ്രകാരം അയാളുടെ ശമ്പളം അയാൾ നിയമിക്കപ്പെടുന്ന തദ്ദേശസ്വയംഭരണ സ്ഥാപനത്തിന് ഏറ്റവും അടുത്തുള്ള മാതൃവകുപ്പിന്റെ ഏറ്റവും താഴത്തെ തട്ടിലെ ഡ്രോയിംഗ് ഓഫീസറിൽ (ഓഫീസിൽ) നിന്നും കൈപ്പറ്റാനാവശ്യമായ ക്രമീകരണങ്ങൾ ബന്ധപ്പെട്ട വകുപ്പുതലവൻ ചെയ്യേണ്ടതാണ്. യാതൊരു കാരണവശാലും നിശ്ചിത സമയത്ത് ശമ്പളം ലഭിക്കാത്ത അവസ്ഥയുണ്ടാകാതിരിക്കുവാൻ വകുപ്പ് തലവൻ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

**6. മേൽ പരാമർശിച്ചിരിക്കുന്നവയിൽ സംഭവിക്കുന്ന വീഴ്ചകൾ സർക്കാർ അതീവ ഗൗരവത്തോടെ വീക്ഷിക്കുന്നതാണ്.**

7 .ഈ ഉത്തരവ് പ്രകാരം ഓരോ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലും നിയമിക്കപ്പെട്ടവർ ജോലിക്ക് ഹാജരാകുന്നത് സംബന്ധിച്ച വിവരങ്ങൾ ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ സെക്രട്ടറി അന്നേദിവസം തന്നെ ബന്ധപ്പെട്ട വകുപ്പുതലവനും പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർക്കും / പഞ്ചായത്ത് ഡയറക്ടർക്കും/മുനിസിപ്പൽ ഭരണ ഡയറക്ടർക്കും/അസിസ്റ്റന്റ് ഡെവലപ്മെന്റ് കമ്മീഷണർക്കും / ഗ്രാമവികസന കമ്മീഷണർക്കും / ബന്ധപ്പെട്ട ട്രഷറി ഓഫീസർമാർക്കും/ മറ്റ് ബന്ധപ്പെട്ടവർക്കും റിപ്പോർട്ട് ചെയ്യേണ്ടതാണ്. ഇപ്രകാരം ലഭിക്കുന്ന റിപ്പോർട്ടുകൾ ക്രോഡീകരിച്ച് പഞ്ചായത്ത് ഡയറക്ടർ/മുനിസിപ്പൽ ഭരണ ഡയറക്ടർ/ഗ്രാമവികസന കമ്മീഷണർ ഒരാഴ്ചയ്ക്കുള്ളിൽ സമാഹൃത റിപ്പോർട്ട് തദ്ദേശസ്വയംഭരണ വകുപ്പ് സെക്രട്ടറിക്കും ട്രഷറി ഡയറക്ടർക്കും ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടർക്കും മറ്റ് ബന്ധപ്പെട്ടവർക്കും എത്തിച്ചുകൊടുക്കേണ്ടതാണ്.

8. ഈ ഉത്തരവ് പ്രകാരം നിയമനം ലഭിച്ചവരുടെ ജോലികൾ സംബന്ധിച്ച് പ്രത്യേക ഉത്തരവ് പുറപ്പെടുവിക്കുന്നതുവരെ ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപന സെക്രട്ടറി നിർദ്ദേശിക്കുന്ന ക്ലറിക്കൽ ജോലികൾ ചെയ്യുവാൻ നിയമനം ലഭിക്കുന്നവർ ബാദ്ധ്യസ്ഥരാണ്.

9. 1994--ലെ കേരള പഞ്ചായത്ത് രാജ് കേരള മുനിസിപ്പാലിറ്റി ആക്ടുകളിലെ വ്യവസ്ഥകൾ പ്രകാരമുള്ള "ഉദ്യോഗസ്ഥരുടെ മേലുള്ള നിയന്ത്രണം" സംബന്ധിച്ച ചട്ടങ്ങൾ ഈ ഉദ്യോഗസ്ഥർക്കും ബാധകമാണ്.

10. ഈ ഉത്തരവ് പ്രകാരം പുനർവിന്യസിക്കപ്പെടുന്ന ജീവനക്കാർ അവരുടെ കൃത്യനിർവ്വഹണത്തിൽ വരുത്തുന്ന വീഴ്ചകളും അവരുടെ പ്രവർത്തനങ്ങൾ സംബന്ധിച്ച പരാതികളും മറ്റും അതത് തദ്ദേശസ്വയംഭരണ സ്ഥാപനാധികൃതർ വ്യക്തമായി തദ്ദേശസ്വയംഭരണ വകുപ്പ് സെക്രട്ടറിക്ക് റിപ്പോർട്ട് ചെയ്യേണ്ടതാണ്. ഇത്തരം കാര്യങ്ങളിൽ സർക്കാർ ബന്ധപ്പെട്ട വകുപ്പ് അധികൃതരുമായി ചർച്ച ചെയ്ത് വേണ്ട തീരുമാനം കൈക്കൊള്ളുന്നതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
**ആർ .എസ് .കണ്ണൻ**
സ്പെഷ്യൽ സെക്രട്ടറി

ചീഫ് എഞ്ചിനീയർ, പൊതുമരാമത്ത് വകുപ്പ്,തിരുവനന്തപുരം.

ഗ്രാമവികസന കമ്മീഷണർ,തിരുവനന്തപുരം.

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം.

ബന്ധപ്പെട്ട ജില്ലാ പഞ്ചായത്ത് അദ്ധ്യക്ഷൻമാർക്കും സെക്രട്ടറിമാർക്കും (പഞ്ചായത്ത് ഡയറക്ടർ മുഖേന)

ബന്ധപ്പെട്ട മുനിസിപ്പൽ/കോർപ്പറേഷൻ അദ്ധ്യക്ഷൻമാർക്കും സെക്രട്ടറിമാർക്കും (നഗരകാര്യ ഡയറക്ടർ മുഖേന).

ബന്ധപ്പെട്ട ബ്ലോക്ക് പഞ്ചായത്ത് അദ്ധ്യക്ഷൻമാർക്കും സെക്രട്ടറിമാർക്കും (ഗ്രാമവികസന കമ്മീഷണർ മുഖേന).

ബന്ധപ്പെട്ട ഗ്രാമപഞ്ചായത്ത് അദ്ധ്യക്ഷൻമാർക്കും സെക്രട്ടറിമാർക്കും (പഞ്ചായത്ത് ഡയറക്ടർ മുഖേന).

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരളം, തിരുവനന്തപുരം.

അക്കൗണ്ടന്റ് ജനറൽ (എ & ഇ), കേരളം, തിരുവനന്തപുരം/തൃശ്ശൂർ.

ലോക്കൽ ഫണ്ട് അക്കൗണ്ട്സ് ഡയറക്ടർ, തിരുവനന്തപുരം.

ട്രഷറി ഡയറക്ടർ, തിരുവനന്തപുരം.

സംസ്ഥാന പെർഫോർമൻസ് ഓഡിറ്റ് ഓഫീസർ, തിരുവനന്തപുരം.

എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരളാ മിഷൻ, തിരുവനന്തപുരം.(തദ്ദേശസ്വയംഭരണ വകുപ്പിന്റെയും മറ്റ് സർക്കാർ വെബ്സൈറ്റുകളിലും പ്രസിദ്ധീകരിക്കുന്നതിന്).

പൊതുമരാമത്ത് വകുപ്പ്

വെബ് & ന്യൂ മീഡിയ, ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് ഡിപ്പാർട്ട്മെന്റ് (വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)

കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

| അനുബന്ധം 1 | | | |
|---|---|---|---|
| പൊതുമരാമത്ത് വകുപ്പ് | | | |
| മാതൃവകുപ്പിലേക്ക് തിരിച്ചുപോകുന്നവർ | | | |
| ക്രമ നമ്പർ | പേര് | തസ്തിക | ഇപ്പോൾ ജോലിനോക്കുന്ന ഓഫീസ് മേൽ വിലാസം |
| 1 | 2 | 3 | 4 |
| 1 | അനു ജോസ് | ക്ലാർക്ക് | കൊല്ലം നഗരസഭ |
| 2 | വിന്റവിൻസെന്റ് | ക്ലാർക്ക് | പോത്തൻകോട് ബ്ലോക്ക് പഞ്ചായത്ത് |
| 3 | ശ്രീജ ജെ | ക്ലാർക്ക് | ജില്ലാ പഞ്ചായത്ത്, തിരുവനന്തപുരം |
| 4 | ബിനീഷ് ബേബി | ക്ലാർക്ക് | കല്പറ്റ നഗരസസഭ |
| 5 | റീന പി | ക്ലാർക്ക് | ഇടുക്കി ബ്ലോക്ക് പഞ്ചായത്ത് |
| 6 | അഞ്ചു എ കെ | ക്ലാർക്ക് | കട്ടപ്പന ബ്ലോക്ക് പഞ്ചായത്ത് |
| 7 | ശ്രീജിത്ത് എം മോഹൻ | ക്ലാർക്ക് | ഏറ്റുമാനൂർ ബ്ലോക്ക് പഞ്ചായത്ത് |
| 8 | സാദത്തു എൻ എ | ക്ലാർക്ക് | ആലപ്പുഴ നഗരസഭ |
| 9 | സുജിത്കുമാർ എം വി | ക്ലാർക്ക് | പന്തലായനി ബ്ലോക്ക് പഞ്ചായത്ത്, കോഴിക്കോട് |
| 10 | ഹാഫിയ സി കെ | ക്ലാർക്ക് | പാമ്പാക്കുട ബ്ലോക്ക് പഞ്ചായത്ത് |
| 11 | സുനിൽകുമാർ പി ആർ | ക്ലാർക്ക് | കല്പറ്റ നഗരസഭ, വയനാട്. |
| 12 | കൽസു എസ് | ക്ലാർക്ക് | ചാവക്കാട് ബ്ലോക്ക് പഞ്ചായത്ത് |
| 13 | വിനീത കെ, | ക്ലാർക്ക് | തിരൂരങ്ങാടി നഗരസഭ |
| 14 | ശാലിനി എസ് | ക്ലാർക്ക് | മലപ്പുറം ബ്ലോക്ക് പഞ്ചായത്ത് |
| 15 | പ്രിയങ്ക വി | ക്ലാർക്ക് | കോഴിക്കോട് ബ്ലോക്ക് പഞ്ചായത്ത് |
| 16 | സൂരജ് എം, | ക്ലാർക്ക് | ആലത്തൂർ ബ്ലോക്ക് പഞ്ചായത്ത് പാലക്കാട് |
| 17 | സോഫിയ മോൾ പി ജെ | ക്ലാർക്ക് | നെടുമങ്ങാട് നഗരസഭ |
| 18 | സുജിത് മോഹൻ ആർ | ക്ലാർക്ക് | അടൂർ നഗരസഭ |
| 19 | അരുൺ കുമാർ ആർ | ക്ലാർക്ക് | അടൂർ നഗരസഭ |
| 20 | ലാൽ കുമാർ റ്റി | ക്ലാർക്ക് | പത്തനംതിട്ട നഗരസഭ |
| 21 | ജയശ്രീ കെ ജി | ക്ലാർക്ക് | മല്ലപ്പള്ളി ബ്ലോക്ക് പഞ്ചായത്ത്, പത്തനംതിട്ട |
| 22 | അൽഫോൻസ ജോസഫ് | ക്ലാർക്ക് | ഈരാറ്റുപേട്ട ബ്ലോക്ക് പഞ്ചായത്ത് |
| 23 | ശ്രീദേവി പി റ്റി | ക്ലാർക്ക് | പള്ളം ബ്ലോക്ക് പഞ്ചായത്ത്, കോട്ടയം |
| 24 | ഷിജിമോൾ തോമസ്സ് | ക്ലാർക്ക് | കോതമംഗലം ബ്ലോക്ക് പഞ്ചായത്ത് |
| 25 | രാജലക്ഷ്മി വി എസ് | ക്ലാർക്ക് | കുവപ്പടി ബ്ലോക്ക് പഞ്ചായത്ത് |
| 26 | രാഹുൽ ആർ | ക്ലാർക്ക് | കോയിപ്രം ബ്ലോക്ക് പഞ്ചായത്ത് |
| 27 | ഗംഗാധരൻ എൻ പി | ക്ലാർക്ക് | മതിലകം ബ്ലോക്ക് പഞ്ചായത്ത് |
| 28 | അഭിഷേക് പി | ക്ലാർക്ക് | മലമ്പുഴ ബ്ലോക്ക് പഞ്ചായത്ത് |
| 29 | അബ്ദുൽ റഷീദ് പി | ക്ലാർക്ക് | കുറ്റിപ്പുറംബ്ലോക്ക് പഞ്ചായത്ത് |
| 30 | രമ്യ ആർ | ക്ലാർക്ക് | കൊടുവള്ളി ബ്ലോക്ക് പഞ്ചായത്ത് കോഴിക്കോട് |
| 31 | ലിജിന എം വി | ക്ലാർക്ക് | പേരാമ്പ്ര ബ്ലോക്ക് പഞ്ചായത്ത് കോഴിക്കോട് |

| | | | |
|---|---|---|---|
| 32 | ദിനിൽ എ വി | ക്ലാർക്ക് | കണ്ണൂർ ബ്ലോക്ക് പഞ്ചായത്ത് |
| 33 | ഷാമിൽ എ | ക്ലാർക്ക് | തളിപ്പറമ്പ് ബ്ലോക്ക് പഞ്ചായത്ത് കണ്ണൂർ |
| 34 | സുജിത് കമാർ എൻ | ക്ലാർക്ക് | ജില്ല പഞ്ചായത്ത് കോട്ടയം. |

| അനുബന്ധം 2 | | | | |
|---|---|---|---|---|
| **പൊതുമരാമത്ത് വകുപ്പ്** | | | | |
| പുനർവിന്യാസത്തിൽ തുടരാൻ ആഗ്രഹിക്കുന്നവർ | | | | |
| ക്രമ നമ്പർ | പേര് | തസ്തിക | ഇപ്പോൾ ജോലിനോക്കുന്ന ഓഫീസ് മേൽ വിലാസം | നിയമനം നല്കിയിട്ടുള്ള തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ വിലാസം (ജില്ല) |
| 1 | 2 | 3 | 4 | 5 |
| 1 | ഷാനവാസ് കെ | ക്ലാർക്ക് | കൊല്ലം നഗരസഭ | കൊല്ലം നഗരസഭ |
| 2 | വിഷ്ണു ടി | ക്ലാർക്ക് | കൊല്ലം നഗരസഭ | കൊല്ലം നഗരസഭ |

| അനുബന്ധം 3 | | | | |
|---|---|---|---|---|
| **പൊതുമരാമത്ത് വകുപ്പ്** | | | | |
| പുതുതായി പുനർവിന്യസിക്കുന്നവർ | | | | |
| ക്രമ നമ്പർ | പേര് | തസ്തിക | ഇപ്പോൾ ജോലിനോക്കുന്ന ഓഫീസ് മേൽ വിലാസം | നിയമനം നല്കിയിട്ടുള്ള തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ വിലാസം (ജില്ല) |
| 1 | 2 | 3 | 4 | 5 |
| 1 | അജയ് കൃഷ്ണൻ | ക്ലാർക്ക് | സൂപ്രണ്ടിങ് എൻജിനീയറുടെ കാര്യാലയം ഉത്തര മേഖല കോഴിക്കോട് | വെട്ടിക്കവല ബ്ലോക്ക് പഞ്ചായത്ത് |
| 2 | ഹരികൃഷ്ണൻ | ക്ലാർക്ക് | റീജിയണൽ ഇൻവെസ്റ്റിഗേഷൻ& ക്വാളിറ്റി കട്രോൾ , തിരുവനന്തപുരം | പോത്തൻകോട് ബ്ലോക്ക് പഞ്ചായത്ത് |
| 3 | അരുൺ എസ്സ് | ക്ലാർക്ക് | റോഡ്സ് സബ് ഡിവിഷൻ ചങ്ങനാശ്ശേരി | ജില്ലാ പഞ്ചായത്ത്, തിരുവനന്തപുരം |
| 4 | ആശ എം എസ്സ് | ക്ലാർക്ക് | ബിൽഡിംഗ്സ് ഡിവിഷൻ, കൊല്ലം | കൊട്ടാരക്കര മുനിസിപ്പാലിറ്റി |

| | | | | |
|---|---|---|---|---|
| 5 | ബിനീഷ് പി സോമൻ | ക്ലാർക്ക് | റോഡ്സ് സബ് ഡിവിഷൻ, മൂന്നാർ | ഇടുക്കി ബ്ലോക്ക് പഞ്ചായത്ത് |
| 6 | ഷിനു വി | ക്ലാർക്ക് | ഇലക്ട്രോണിക്സ് ഡിവിഷൻ തിരുവനന്തപുരം | കട്ടപ്പന ബ്ലോക്ക് പഞ്ചായത്ത് |
| 7 | ജയ് മോഹൻ പി ദേവസ്സ്യ | ക്ലാർക്ക് | ബിൽഡിംഗ്സ് ഡിവിഷൻ കോട്ടയം | ഏറ്റുമാന്നൂർ ബ്ലോക്ക് പഞ്ചായത്ത് |
| 8 | മനു ആർ ചന്ദ്രൻ | ക്ലാർക്ക് | ഇലെക്ട്രിക്കൽ ഡിവിഷൻ, ആലപ്പുഴ | ആലപ്പുഴ നഗരസഭ |
| 9 | ജാക്സൺ കെ ബി | ക്ലാർക്ക് | ബ്രിഡ്ജസ് ഡിവിഷൻ കോഴിക്കോട് | വടകര നഗരസഭ |
| 10 | രതീഷ് കെ നായർ | ക്ലാർക്ക് | നാഷണൽ ഹൈവേ സെൻട്രൽ സർക്കിൾ വൈറ്റില ആലുവ | പാമ്പാക്കുട ബ്ലോക്ക് പഞ്ചായത്ത് |
| 11 | വിവേക് കെ പി | ക്ലാർക്ക് | ബിൽഡിംഗ്സ് ഡിവിഷൻ, എറണാകുളം | കോതമംഗലം ബ്ലോക്ക് പഞ്ചായത്ത് |
| 12 | ദീപ ഇ സി | ക്ലാർക്ക് | ബിൽഡിങ്സ് സെൻട്രൽ സർക്കിൾ തൃശ്ശൂർ | ചാവക്കാട് ബ്ലോക്ക് പഞ്ചായത്ത് |
| 13 | ദിനേശ് കുമാർ പി | ക്ലാർക്ക് | റോഡ്സ് സബ് ഡിവിഷൻ പെരിന്തൽമണ്ണ | തിരൂരങ്ങാടി നഗരസഭ |
| 14 | മനോജ് ടി | ക്ലാർക്ക് | റോഡ്സ് സെക്ഷൻ, മഞ്ചേരി | മലപ്പുറം ബ്ലോക്ക് പഞ്ചായത്ത് |
| 15 | പ്രവീജ കെ വി | ക്ലാർക്ക് | ബിൽഡിംഗ്സ് ഡിവിഷൻ,കോഴിക്കോട് | കോഴിക്കോട് ബ്ലോക്ക് പഞ്ചായത്ത് |
| 16 | റഹ്മത്തു പി വി | ക്ലാർക്ക് | ബ്രിഡ്ജസ് ഡിവിഷൻ, പാലക്കാട് | ആലത്തൂർ ബ്ലോക്ക് പഞ്ചായത്ത് ,പാലക്കാട് |

അനുബന്ധം 4

(വിടുതല് ഉത്തരവിന്റെ മാതൃക)

പ്രൊസീഡിംഗ്സ്/മെമ്മോ/ഓർഡർ നമ്പർ.................................. തീയതി..........................

........................................ നമ്പർ സർക്കാർ ഉത്തരവു പ്രകാരം പുനർവിന്യാസത്തിനു വിധേയനായി/വിധേയയായി.......... ....................................................................................................................................................................... ...... ജില്ലയിലെ ........................................................................................ഗ്രാമ/ബ്ലോക്ക്/ജില്ലാ പഞ്ചായത്തിൽ/ മുനിസിപ്പാലി റ്റി/മുനിസിപ്പൽ കോർപ്പറേഷനിൽ ജോലിക്ക് ഹാജരാകുന്നതിന് ..................... ...................................................................... ....................................................................................................................................................... (ഇപ്പോൾ ജോലി നോക്കുന്ന സ്ഥാപനത്തിന്റെ പേരും മേൽവിലാസവും) -ലെ യു.ഡി./എൽ.ഡി.ക്ലാർക്ക് ശ്രീ/ശ്രീമതി ...................................... ........................................................................................ ................./..................../F.N./A.N.-ന് ഈ ഓഫീസിൽ നിന്നും വിടുതൽ ചെയ്തുകൊള്ളുന്നു.

2. ............................................ മുതലുള്ള ഇവരുടെ/ഇദ്ദേഹത്തിന്റെ ശമ്പളവും ബത്തകളും .................................................. ...............................വകുപ്പിന്റെ .................................. ...................................................................................ഓഫീസിൽ നിന്നും കൈപ്പറ്റേണ്ടതാണ്.

3. (ജില്ല/ബ്ലോക്ക്/ഗ്രാമ പഞ്ചായത്ത്/മുനിസിപ്പാലിറ്റി/മുനിസിപ്പൽ കോർപ്പറേഷൻ) സെക്രട്ടറി ഇവർ/ ഇദ്ദേഹം ജോലിയിൽ പ്രവേശിച്ചത് സംബന്ധിച്ച റിപ്പോർട്ട് മടക്കത്തപാലിൽ ഈ ഓഫീസിലും ബന്ധപ്പെട്ട മറ്റെല്ലാവർക്കും എത്തിച്ചുകൊടുക്കേണ്ട താണ്.

(ഒപ്പ്)

വകുപ്പുതലവൻ/വിടുതൽ നൽകാൻ ചുമതലപ്പെട്ട/

ബാദ്ധ്യസ്ഥനായ ഉദ്യോഗസ്ഥന്റെ പേരും തസ്തികയും